# കേരള സർക്കാർ

## പതിമൂന്നാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 311

5.3.2012 ൽ മറുപടിയ്ക്ക്

**ലോക്കൽ ഫണ്ട് ഓഡിറ്റ്**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി. ഗീതാ ഗോപി | ശ്രീ. കെ.എം.മാണി<br>ബഹു. ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പു മന്ത്രി |
| (എ) ലോക്കൽ ഫണ്ട് ഓഡിറ്റ് ഉദ്യോഗസ്ഥർ അനാവശ്യമായ തടസ്സവാദങ്ങൾ ഉന്നയിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ വികസന പദ്ധതികൾ തടസ്സപ്പെടുത്തുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ് വിഭാഗമായ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പ് നിയമവും ചട്ടവും അനുസരിച്ച് അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി വരുന്നു. അനാവശ്യമായ തടസ്സവാദങ്ങൾ ഉന്നയിച്ച് പദ്ധതി നിർവ്വഹണത്തെയോ മറ്റു പ്രവർത്തനങ്ങളെയോ ഒരു തരത്തിലും തടസ്സപ്പെടുത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഓഡിറ്റിംഗിനു പോകുന്നവർ ഓഡിറ്റ് നടത്തപ്പെടുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരോടും ജനപ്രതിനിധികളോടും കുറ്റാന്വേഷകരെപ്പോലെ പെരുമാറുന്ന ഇന്നത്തെ രീതിക്ക് ഒരു മാറ്റം വരുത്തുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാൻ ഉദ്ദേശിക്കുന്നതെന്നു വ്യക്തമാക്കുമോ? | ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിലെ ജീവനക്കാർ ജനപ്രതിനിധികളോടും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരോടും സൗഹൃദ പരമായാണ് പെരുമാറി വരുന്നത്. അതിനു വിരുദ്ധമായ ഒരു സംഭവം പോലും ശ്രദ്ധയിൽ പെട്ടിട്ടില്ല. ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിൽ പുതുതായി ഓഡിറ്റർമാരായി വരുന്നവർക്ക് ശരിയായ പെരുമാറ്റ രീതികളെപ്പറ്റിയും നിയമപരമായ ആഡിറ്റിംഗ് രീതികളെപ്പറ്റിയും സ്റ്റാറ്റ്യൂട്ടറി ട്രെയിനിംഗിന്റെ ഭാഗമായി പരിശീലനം നൽകി വരുന്നുമുണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരോടും ജനപ്രതിനിധികളോടും തുടർന്നും സൗഹൃദമായ സമീപനം സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നതാണ്. |

Remadevi

സെക്ഷൻ ഓഫീസർ